**“CORRUPTION, A CRIME AGAINST NATION”**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
695033 തിരുവനന്തപുരം
E-mail:vig.vacb@kerala.gov.in
ഫോൺ നം . 0471-2305393
തീയതി 28.11.2025

# പോക്കു വരവ് ചെയ്ത് കരംതീർത്ത് നൽകുന്നതിന് കൈക്കൂലി: എറണാകുളം വേങ്ങൂർ വെസ്റ്റ് വില്ലേജ് ഓഫീസിലെ വില്ലേജ് അസിസ്റ്റന്റ് വിജിലൻസ് പിടിയിൽ.

റവന്യു സർവ്വീസ് കൺസൾട്ടൻസി സ്ഥാപനം നടത്തുന്ന പരാതിക്കാരൻ മുഖേന പോക്കുവരവ് ചെയ്ത് കരം തീർപ്പാക്കുന്നതിനായി നൽകിയ അപേക്ഷയിൽ കരംതീർപ്പാക്കി നൽകുന്നതിന് 5,000/- രൂപ കൈക്കൂലി വാങ്ങിയ എറണാകുളം വേങ്ങൂർ വെസ്റ്റ് വില്ലേജ് ഓഫീസിലെ വില്ലേജ് അസിസ്റ്റന്റും വേങ്ങൂർ സ്വദേശിയുമായ ജിബി മാത്യു.എം നെ വിജിലൻസ് ഇന്ന് (28.11.2025) കൈയ്യോടെ പിടികൂടി.

എറണാകുളം കുറുപ്പുംപ്പടിയിൽ ഒരു റവന്യു സർവ്വീസസ് കൺസൾട്ടൻസി സ്ഥാപനം നടത്തി വരുന്ന പരാതിക്കാരനെ പുളിക്കൽ സ്വദേശിയായ ഒരു വസ്തു ഉടമ തന്റെ വസ്തു ഭാഗപത്രം ചെയ്യുന്നതിനും, പോക്കുവരവ് ചെയ്ത് കരംതീർത്തു നൽകുന്നതിനുമുള്ള നടപടിക്രമങ്ങൾ ചെയ്യുന്നതിന് ഏൽപ്പിച്ചിരുന്നു. കുറുപ്പുംപ്പടി സബ് രജിസ്ട്രാർ ഓഫീസിൽ ഭാഗപത്രം രജിസ്റ്റർ ചെയ്ത ശേഷം പോക്കുവരവ് ചെയ്ത് കരം ഒടുക്കി കിട്ടുന്നതിനായി വേങ്ങൂർ വെസ്റ്റ് വില്ലേജ് ഓഫീസിൽ പരാതിക്കാരൻ അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് താലൂക്ക് ഓഫീസിലെ സബ് ഡിവിഷൻ നടപടിക്രമങ്ങൾ പൂർത്തീകരിച്ച ശേഷം പോക്കുവരവ് ചെയ്ത് കരം സ്വീകരിക്കുന്നതിനായി അപേക്ഷ വേങ്ങൂർ വെസ്റ്റ് വില്ലേജിലേക്ക് തിരികെ അയച്ച് നൽകിയിരുന്നു. അപേക്ഷയുടെ സ്ഥിതി അറിയാൻ വേങ്ങൂർ വെസ്റ്റ് വില്ലേജ് ഓഫീസിൽ എത്തിയ പരാതിക്കാരനോട് പോക്കുവരവ് ചെയ്ത് കരം ഒടുക്കി കൊടുക്കുന്നതിന് 5,000/- രൂപ കൈക്കൂലിയായി നൽകണമെന്ന്

വില്ലേജ് അസിസ്റ്റന്റ് ആയ ജിബി മാത്യൂ ആവശ്യപ്പെട്ടു. എന്നാൽ കൈക്കൂലി നൽകി കാര്യം സാധിക്കാൻ താൽപര്യമില്ലാത്ത പരാതിക്കാരൻ ഈ വിവരം എറണാകുളം വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് **(28.11.2025)** വൈകുന്നേരം **03.50** മണിക്ക് വേങ്ങൂർ വെസ്റ്റ് വില്ലേജ് ഓഫീസിൽ വച്ച് പരാതിക്കാരനിൽ നിന്നും **5,000/-**രൂപ കൈക്കൂലി വാങ്ങവെ എറണാകുളം വേങ്ങൂർ വെസ്റ്റ് വില്ലേജ് ഓഫീസിലെ വില്ലേജ് അസിസ്റ്റന്റും, വേങ്ങൂർ സ്വദേശിയുമായ ജിബി മാത്യു എം നെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

ഈ വർഷം നാളിതുവരെ **51** ട്രാപ്പ് കേസുകളിൽ നിന്നായി ഉദ്യോഗസ്ഥരും ഇടനിലക്കാരും ഉൾപ്പെടെ **69** പ്രതികളെയാണ് വിജിലൻസ് അറസ്റ്റ് ചെയ്ത് ജയിലിലടച്ചത്. ഇതിൽ **18** കേസുകളുള്ള റവന്യു വകുപ്പും, **10** കേസുകൾ ഉള്ള തദ്ദേശസ്വയംഭരണ വകുപ്പും **6** കേസുകൾ ഉള്ള പോലീസ് വകുപ്പുമാണ് കേസുകളുടെ എണ്ണത്തിൽ മുന്നിലുള്ളത്. വിദ്യാഭ്യാസ വകുപ്പിലും, കെ. എസ്. ഇ. ബി യിലും **3** വീതം കേസുകളും മറ്റ് വിവിധ വകുപ്പുകളിലായി **11** കേസുകളുമാണ് **2025** ൽ വിജിലൻസ് പിടിച്ചിട്ടുള്ളത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ, വിജിലൻസിന്റെ ടോൾ ഫ്രീ നമ്പറായ **1064** എന്ന നമ്പറിലോ, **8592900900** എന്ന നമ്പരിലോ, വാട്സ് ആപ്പ് നമ്പരായ **9447789100** എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്സ് അഭ്യർത്ഥിച്ചു.